## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.139 — 02.03.2020 ൽ മറുപടിയ്ക്ക്

### ട്രാഫിക് നിയമലംഘന പിഴ

| ചോദ്യം<br>ശ്രീമതി.ഷാനിമോൾ ഉസ്മാൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | 2016 ജൂൺ ഒന്നിന് ശേഷം ട്രാഫിക് നിയമലംഘനങ്ങളുടെ പേരിൽ പിഴ ചുമത്തപ്പെട്ട വാഹന ഉടമകളിൽ നിന്നും വൻ തുക ലഭ്യമാകുവാനുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് ലഭ്യമാകുവാനുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തുക ലഭ്യമാകുവാനുണ്ട്. 26,92,31,000/- രൂപയാണ് ലഭ്യമാകുവാനുള്ളത്. |
| (ബി) | പിഴ ചുമത്തപ്പെട്ടതും തുക ലഭ്യമാക്കാനുള്ളതുമായ വാഹന ഉടമകളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പിഴ ചുമത്തപ്പെട്ടതും തുക ലഭ്യമാക്കാനുള്ളതുമായ വാഹന ഉടമകളെ മോട്ടോർ വാഹനവകുപ്പ് നിലവിൽ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ലഭ്യമാക്കാനുള്ള തുക കിട്ടുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പിഴ തുക അടയ്ക്കാത്ത വാഹന ഉടമകൾക്ക് Reminder Memo ഹൈ-ടെക് ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിൽ നിന്നും അയയ്ക്കാറുള്ളതും തുടർന്നും പിഴ അടയ്ക്കാത്ത വാഹന ഉടമകളുടെ പിഴ സംബന്ധമായ വിശദാംശങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ അയച്ചുകൊടുക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മറ്റു സേവനങ്ങൾക്കായി ഓഫീസിൽ എത്തുമ്പോൾ മോട്ടോർ വാഹനവകുപ്പ് പിഴ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ